# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVIII | YEAR OF OUR LORD JESUS CHRIST, MAY 2022 | No. 7


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

### സദൃശവാക്യങ്ങൾ 22:1–10

01. അനവധി സമ്പത്തിലും സൽകീർത്തിയിലും വെള്ളിയിലും പൊന്നിലും കൃപയും നല്ലത്.

02. ധനവാനും ദരിദ്രനും തമ്മിൽ കാണുന്നു; അവരെയൊക്കെയും ഉണ്ടാക്കിയവൻ യഹോവ തന്നേ.

03. വിവേകമുള്ളവൻ അനർത്ഥം കണ്ട് ഒളിച്ചുകൊള്ളുന്നു, അല്പബുദ്ധികളോ നേരെ ചെന്ന് ചേതപ്പെടുന്നു.

04. താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു.

05. വക്രന്റെ വഴിയിൽ മുള്ളും കുടുക്കും ഉണ്ട്; തന്റെ പ്രാണനെ സൂക്ഷിക്കുന്നവൻ അവയോട് അകന്നിരിക്കട്ടെ.

06. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.

07. ധനവാൻ ദരിദ്രന്മാരെ ഭരിക്കുന്നു; കടം മേടിക്കുന്നവൻ കടം കൊടുക്കുന്നവനു ദാസൻ.

08. നീതികേടു വിതയ്ക്കുന്നവൻ ആപത്തു കൊയ്യും; അവന്റെ കോപത്തിന്റെ വടി ഇല്ലാതെയാകും.

09. ദയാകടാക്ഷമുള്ളവൻ അനുഗ്രഹിക്കപ്പെടും; അവൻ തന്റെ ആഹാരത്തിൽനിന്ന് അഗതിക്കു കൊടുക്കുന്നുവല്ലോ.

10. പരിഹാസിയെ നീക്കിക്കളക; അപ്പോൾ പിണക്കം പൊയ്ക്കൊള്ളും; കലഹവും നിന്ദയും നിന്നുപോകും.

# നാം അന്ത്യകാലത്താണോ ജീവിക്കുന്നത്?

## ARE WE LIVE IN THE LAST DAYS?

ബ്ര. എം. പോൾരാജ്



റഷ്യയും അയൽ രാജ്യമായ ഉക്രൈനും തമ്മിലുള്ള യുദ്ധം കാരണം ലോകം ഇപ്പോൾ തകർന്നിരിക്കുകയാണ്. 24 ഫെബ്രുവരി 2022 ൽ ആരംഭിച്ച യുദ്ധം, വിദേശ വിദ്യാർത്ഥികളെ ഒഴിപ്പിക്കാൻ മാർച്ച് 5-ാം തീയതി 7 മണിക്കൂർ വെടിനിറുത്തിയതൊഴിച്ചാൽ ഇപ്പോഴും തുടരുകയാണ്. ആദ്യ ദിനങ്ങളിൽ റഷ്യയ്ക്ക് അനായാസ വിജയം നേടാനായി എങ്കിലും പിന്നീട് ഉക്രൈൻ കടുത്ത ചെറുത്തുനില്പ് തുടങ്ങി. 2022 മാർച്ച് 21-ൽ യുദ്ധം തുടങ്ങിയിട്ട് 26 ദിവസം പിന്നിട്ടു. മറ്റു രാജ്യങ്ങളുടെ ആയുധ സഹായത്താൽ ഉക്രൈൻ ചെറുത്തു നിൽക്കുകയാണെങ്കിലും റഷ്യയുടെ മുന്നിൽ ഒന്നുമല്ല. നാറ്റോയിലും യൂറോപ്യൻ യൂണിയനുമായി ഉക്രൈൻ സഖ്യതയിലാകുന്നതാണ് റഷ്യയെ യുദ്ധത്തിലേക്ക് നയിച്ച കാരണം. ഇതിലൂടെ നാറ്റോ സേനകൾക്ക് റഷ്യയുടെ അതിർത്തി തുറക്കേണ്ടിവരും. അനവധി യൂറോപ്യൻ രാജ്യങ്ങൾ റഷ്യയുടെ അരികെ തന്നെയുണ്ട്. അതിനാൽ റഷ്യയുടെ ഭയം മനസ്സിലാക്കേണ്ടതാണ്. ഉക്രൈൻ സർവ്വാധികാരമുള്ള രാജ്യമായതിനാൽ അവരുടെ ഇഷ്ടാനിഷ്ടങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. ഈ യുദ്ധം റഷ്യയുടെ അഭിമാനം കൊണ്ടുണ്ടായതാണ്. അമേരിക്ക ഉൾപ്പെടെയുള്ള പടിഞ്ഞാറൻ രാഷ്ട്രങ്ങൾ റഷ്യയുടെ ആക്രമണത്തെ അപലപിക്കുകയും ഉപരോധപരമ്പര പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടനും ജർമ്മനിയും ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങൾ ഉക്രൈന് ആയുധം നൽകി സഹായിച്ചിട്ടുണ്ട്. നാറ്റോ രാജ്യങ്ങൾ നേരിട്ടിടപെട്ടാൽ അത് മൂന്നാം ലോകമഹായുദ്ധത്തിലേക്ക് നയിക്കപ്പെടാമെന്ന് ജോ ബൈഡൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പക്ഷെ, സാഹചര്യങ്ങൾ വീണ്ടും മാറിയേക്കാം. അമേരിക്കയുടെയും ചില പടിഞ്ഞാറൻ രാജ്യങ്ങളുടെയും പ്രതിനിധികൾ രണ്ടു ദിവസത്തിനകം ബ്രസ്സൽസിൽ ഒത്തുചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്. റഷ്യ ഉക്രൈനിന്റെ പട്ടണങ്ങളെ ശക്തമായി ആക്രമിക്കുന്നുണ്ട്. സൂപ്പർസോണിക്ക് യുദ്ധവിമാനങ്ങളിലൂടെ ബോംബുകൾ വർഷിക്കുന്നുണ്ട്. അന്താരാഷ്ട്ര നീതിന്യായ കോടതിയുടെയോ ലോകരാഷ്ട്രങ്ങളുടെയോ ശബ്ദം കേൾക്കാൻ റഷ്യ തയ്യാറല്ല എന്നാണ് മനസ്സി ലാക്കുന്നത്.


ഹാസ്യനടനായിരുന്നു രാഷ്ട്രീയക്കാരനായ ഉക്രൈൻ പ്രസിഡന്റ് വ്ളാഡിമർ സെലൻസ്കി ഒരു യുദ്ധവീരനായി പ്രവർത്തിക്കുന്നു. അദ്ദേഹത്തോടൊപ്പം തന്നെ അവിടുത്തെ ജനങ്ങളും ഉണ്ട്. യിസ്രായേൽ പാർലമെന്റിലേക്കുള്ള അദ്ദേഹത്തിന്റെ വെർച്ചൽ പ്രസംഗത്തിൽ താൻ ജൂതന്മാരുടെ പിൻഗാമിയെന്ന് അവകാശപ്പെട്ടുകൊണ്ട് യിസ്രായേലിന്റെ സഹായം അഭ്യർത്ഥിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരം യിസ്രായേൽ പ്രധാനമന്ത്രി നഫ്താലി ബന്നറ്റ് ഏപ്രിൽ 2-ാം തിയതി ഇന്ത്യ സന്ദർശിക്കും. അതിനാൽ യുദ്ധവുമായി അവർ

3-ാം പേജിൽ തുടരും...

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...





**യഹോവയുടെ വലങ്കൈ ഉയർന്നിരിക്കുന്നു;**
**യഹോവയുടെ വലങ്കൈ വീര്യം പ്രവർത്തിക്കുന്നു**
**- സങ്കീർത്തനങ്ങൾ 118:16**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**CHIEF EDITOR**

Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**

Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M.Phil., B.Ed.

**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**

Echo of His Call


ക്രിസ്തുവിൽ പ്രിയ സ്നേഹിതരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സമാനതകളില്ലാത്ത നാമത്തിൽ ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു.

നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും ഞങ്ങളെ അനുദിനം ഉയർന്ന തലങ്ങളിലേക്ക് കൊണ്ടുപോകുന്നു. അതിനാൽ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. നിങ്ങൾക്കു **നന്ദി** എന്നു പറയുവാനുള്ള പദവി ഞങ്ങൾക്കുണ്ട്.

മെയ് മാസത്തിൽ ഇന്ത്യയിലെ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും സ്കൂളുകളും കോളേജുകളും നൽകുന്ന അവധി ആഘോഷിക്കാനുള്ള സാദ്ധ്യതകളുണ്ട്. ഈ അവധിക്കാലത്ത് ലൗകികമായ കാര്യങ്ങൾക്ക് സമയം കളയാതെ ദൈവത്തിന് ഉപകാരപ്രദമായവ ചെയ്യാൻ നിങ്ങളെയും കുഞ്ഞുങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു. സഭയുടെ പ്രത്യേക ആരാധനകളിൽ പങ്കെടുക്കാം, സഭയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ സഹായിക്കാം, അതിലൂടെ ദൈവത്തെ പ്രീതിപ്പെടുത്താം. അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ കുടുംബങ്ങളെ ദൈവം അനുഗ്രഹിക്കും. നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും ദൈവം അനേകം നല്ല കാര്യങ്ങൾ ചെയ്തു തന്നിട്ടുണ്ട്. ആ നേട്ടങ്ങൾ മറക്കരുത്.

നിങ്ങളുടെ ദൈവദാസരായ ഞങ്ങളും സന്തോഷത്തോടെയും വലിയ പ്രചോദനത്തോടുമെല്ലാം ദൈവീക കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ ഇംഗ്ലീഷ് ഹൈസ്കൂൾ, തമിഴ് സായാഹ്ന ബൈബിൾ കോളേജ്, ഹിന്ദി ഓൺലൈൻ ബൈബിൾ ക്ലാസുകൾ, കൂടാതെ ഇംഗ്ലീഷിലും തമിഴിലുമുള്ള വിദൂര പഠന കോഴ്സുകൾ, 17 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസിക എന്നിവ എല്ലാം തന്നെ വിജയകരമായി നടന്നുവരുന്നു. ഞങ്ങളുടെ സഭാരാധനകളുടെ എണ്ണത്തിലുള്ള വർദ്ധനയും ഹിന്ദി റസിഡൻഷ്യൽ ബൈബിൾ കോളേജും അടുത്ത മാസം ആരംഭിക്കുന്നു. ശരിയായ രീതിയിൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ നിങ്ങളുടെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു.

ഞങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് നിങ്ങളിൽ പലരും ബാങ്ക് ട്രാൻസ്ഫർ, ഗൂഗിൾ പെ, മണി ഓർഡർ, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവയിലൂടെ കാണിക്ക അയച്ചുതരുന്നതിൽ സന്തോഷമുണ്ട്. ഞങ്ങൾ നിങ്ങളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. നന്മയും കരുണയും നിങ്ങളെ പിന്തുടരട്ടെ.

നമ്മിൽ ചിലർക്കും നമ്മുടെ കുടുംബാംഗങ്ങൾക്കും ശരീരത്തിൽ ബലഹീനത അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ച് ബ്ര. പോൾരാജും പാസ്റ്റർ മുത്തുവും തങ്ങളുടെ രോഗങ്ങ ളിൽ നിന്നും പൂർണ്ണ വിടുതൽ പ്രാപിക്കുവാൻ ശക്തമായി പ്രാർത്ഥിക്കുവിൻ.

ഞങ്ങൾ നിങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും നിങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ കത്തുകൾക്കും മെയിലുകൾക്കും ഫോൺ വിളികൾക്കുമായും മറ്റു സഹായങ്ങൾക്കും പിന്തുണയ്ക്കുമായി നന്ദി കരേറ്റുന്നു. നിങ്ങളുടെ എല്ലാ അപേക്ഷകളും യാചനകളും ഞങ്ങൾ ദൈവത്തോട് അറിയിച്ചു പ്രാർത്ഥിക്കുന്നു.

ദൈവകൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ, ആമേൻ!

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ


**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com



**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

1-ാം പേജിന്റെ തുടർച്ച...

സഹകരിക്കില്ല എന്നു മനസ്സിലാക്കാം. ഇന്ത്യയക്ക് ഈ യുദ്ധത്തിൽ നിഷ്പക്ഷ നിലപാടാണുള്ളത്. എന്നാലും ഇന്ത്യ ഉക്രൈന് മാനുഷിക പരിഗണന നൽകുന്നുണ്ട്.

യുദ്ധം ആരംഭിച്ചിട്ട് 26 ദിവസം കഴിഞ്ഞതിനാൽ ഇത് ആഗോള യുദ്ധമായി മാറാനുള്ള സാദ്ധ്യത കാണുന്നുണ്ട്. അങ്ങനെയെങ്കിൽ റഷ്യ തങ്ങളുടെ മുഖ്യശത്രുവായ യിസ്രായേലിനെ നേരിടേണ്ടിവരും. അങ്ങനെയെങ്കിൽ ഇത് മൂന്നാം ലോകമഹായുദ്ധമായി മാറാം. സെലൻസ്കിയുടെ അഭിപ്രായത്തിൽ യിസ്രായേലിന് ഏതു രാജ്യത്തെയോ, രാജ്യങ്ങളെയോ നേരിടാനുള്ള ശക്തിയുണ്ട്. യിസ്രായേൽ ആക്രമിക്കപ്പെടുകയാണെങ്കിൽ ഇത് എങ്ങനെയൊക്കെ ആയിത്തീരുമെന്ന് പറയാൻ സാധിക്കുകയില്ല.

അർമ്മഗെദ്ദോൻ യുദ്ധത്തിനുമുമ്പ് റഷ്യ യിസ്രായേലിനെ ആക്രമിക്കും എന്ന് വിശുദ്ധ ബൈബിൾ പറയുന്നു. യുദ്ധത്തിൽ യിസ്രായേൽ വിജയിക്കുകയും യുദ്ധാവശിഷ്ടങ്ങൾ ഏഴു വർഷത്തേക്ക് യിസ്രായേൽ ജനത വിറകായി ഉപയോഗിക്കുകയും ചെയ്യും. ഇക്കാലത്ത് ഏഴു മടങ്ങ് ശക്തവും എന്നാൽ ഭാരം കുറഞ്ഞതുമായ യുദ്ധവിമാനങ്ങൾ നിർമ്മിക്കാൻ നേർവെയിൽ നിന്നുള്ള ഒരു പ്രത്യേക തരം മരം ഉപയോഗിക്കുന്നുണ്ട് (യെഹെസ്ക്കേൽ 38,39). പക്ഷെ എല്ലാം ദൈവഹിത പ്രകാരം മാത്രമേ നടക്കുകയുള്ളു എന്ന് നമുക്കറിയാം. ലോകജനതയുടെ സുരക്ഷയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

ഇപ്പോഴത്തെ യുദ്ധം അതിന്റെ യുക്തിപരമായ അവസാനത്തിലെത്തിയാലും വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെയുള്ള ഏഴു മുദ്ര പൊട്ടിക്കലും, ഏഴു കാഹളം മുഴക്കുന്നതും, ഏഴു പാത്രങ്ങളിൽ നിന്നുള്ള പകരലുമെല്ലാം ദൈവം നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രകാരം തന്നെ നടക്കും. ആദ്യത്തെ നാലു മുദ്ര പൊട്ടിയതിന്റെ അനന്തരഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അഞ്ചാം മുദ്രയുടെ പൊട്ടിക്കൽ ഏഴു വർഷത്തെ കഷ്ടതയുടെ ആദ്യപകുതിയിൽ നടക്കണം, കാരണം അവർ ആ കാലഘട്ടത്തിൽ രക്തസാക്ഷികളായി മരിക്കും. ലോകത്തിലും പ്രകൃതിയിലും നടക്കുന്ന അടയാളങ്ങളും അത്ഭുതങ്ങളും കാണുമ്പോൾ ആദ്യത്തെ നാലു മുദ്രകളും പൊട്ടിയ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് എനിക്കു തോന്നുന്നു. റഷ്യയും ഉക്രൈനും തമ്മിലുള്ള ഇപ്പോഴത്തെ യുദ്ധം മുദ്രകൾ പൊട്ടിയതിന് അനുസൃതമാണ്. മത്തായി സുവിശേഷത്തിന്റെ 24-ാം അദ്ധ്യായത്തിൽ യേശു ക്രിസ്തുവും ഇത് വ്യക്തമാക്കിയിട്ടുണ്ട്.

ലോകാവസാനത്തിന്റെയും രണ്ടാം വരവിന്റെയും കാര്യം പറയുമ്പോൾ യേശു സമാന്തരമായി നോഹയുടെ കാലത്തു ലോകത്തെ നശിപ്പിച്ച വെള്ളപ്പൊക്കത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. വെള്ളപ്പൊക്കം മൂലം ലോകത്തെ നശിപ്പിക്കാൻ പോകുന്നതുകൊണ്ട് നോഹയ്ക്കും കുടുംബത്തിനുമായി മാത്രം ഒരു പെട്ടകം ഉണ്ടാക്കുവാൻ അവനോടു ദൈവം ആവശ്യപ്പെട്ടു. ദൈവം നൽകിയ കല്പന അനുസരിച്ച് നോഹയും കുടുംബവും പെട്ടകം നിർമ്മിക്കുവാൻ ആരംഭിച്ചു. ഈ പെട്ടകം നിർമ്മിക്കുവാൻ 100 വർഷമെടുത്തു എന്ന് വേദശാസ്ത്രപണ്ഡിതന്മാർ അവകാശപ്പെടുന്നു. അന്നത്തെ ജനങ്ങൾ നോഹയെ കളിയാക്കി ചിരിച്ചു. എന്നിരുന്നാലും അനുതപിച്ച് പെട്ടകത്തിൽ കയറുവാൻ നോഹ അവരോട് ആവശ്യപ്പെട്ടു (2പത്രൊസ് 2:5). പക്ഷെ ആരും അവന്റെ അപേക്ഷ അനുസരിച്ചില്ല. കർത്താവ് നിശ്ചയിച്ച പ്രകാരം പെട്ടകത്തിന്റെ പണി പൂർത്തീകരിച്ചു.

"നോഹയുടെ കാലം പോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനുമുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും" (മത്തായി 24:37-39).

നോഹയുടെ കാലത്തെക്കാൾ ഇന്നത്തെ കാലം മെച്ചമല്ല. ലോകം ദുഷ്പ്രവൃത്തികളാൽ നിറഞ്ഞിരിക്കുന്നു. ഫലത്തിൽ നാം അവസാന നാളുകളിലാണ് ജീവിക്കുന്നത്.

യേശുവിന്റെ രണ്ടാം വരവ് എപ്പോഴാണ് എന്നത് ദശലക്ഷം ഡോളറിന്റെ ചോദ്യമാണ്. ഏഴു വർഷത്തെ കഷ്ടതകൾ ആരംഭിക്കുന്നതിനും എതിർ ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുംമുമ്പ് യേശു വരുമെന്ന് പലരും അഭിപ്രായപ്പെടുന്നു. കഷ്ടതയുടെ കാലത്ത് എതിർക്രിസ്തു വെളിപ്പെടുമെന്ന് 2തെസ്സെലോനിക്യർ 2:1-3 വരെ ഉദ്ധരിച്ചുകൊണ്ട് ചിലർ അഭിപ്രായപ്പെടുന്നു. എതിർക്രിസ്തു എപ്പോൾ പ്രത്യക്ഷപ്പെടും എന്നത് ഒരു തർക്ക വിഷയമല്ല. കഷ്ടതയുടെ അവസാനത്തിൽ യേശു ഒലീവുമലയിൽ ഇറങ്ങുകയും അർമ്മഗെദ്ദോനിൽ എതിർക്രിസ്തുവിനെ നേരിടുകയും ചെയ്യും.

മുദ്ര പൊട്ടിക്കുന്നത് എപ്പോൾ സംഭവിക്കും? "ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തുവന്നു പലരെയും തെറ്റിക്കും" (മത്തായി 24:5) എന്നു യേശു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇത് എതിർ ക്രിസ്തുവിന്റെ പ്രവർത്തനമാണ്. എതിർ ക്രിസ്തുവിന്റെ പ്രവർത്തനം ഇപ്പോഴും ലോകത്തിൽ സജീവമാണ്.

## ആദ്യത്തെ മുദ്ര!

കുഞ്ഞാട് ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ യോഹന്നാൻ ഒരു വെളുത്ത കുതിരയെ കണ്ടു. അതിൽ ഇരിക്കുന്നവന്റെ കൈയ്യിൽ ഒരു വില്ല് ഉണ്ടായിരുന്നു, ഒരു കിരീടം അവനു നൽകപ്പെട്ടു, അവൻ കീഴടക്കുവാനും ജയിക്കുവാനും പുറപ്പെട്ടു (വെളിപ്പാട് 6:1,2). വെള്ള കുതിരപ്പുറത്തിരിക്കുന്നവൻ എതിർ ക്രിസ്തു അല്ല. അവൻ ആത്മാവ് അല്ല. പക്ഷെ ഏതെങ്കിലും രാജ്യത്തെ പ്രസിഡന്റോ പ്രധാനമന്ത്രിയോ ആകാം. ഇവിടെ വെള്ളക്കുതിരയിൽനിന്നും ഉയർന്നു വന്നവൻ ഒന്നാം നൂറ്റാണ്ടുമുതൽ തന്നെ അലഞ്ഞുതിരിയുന്ന എതിർ ക്രിസ്തുവിന്റെ ആത്മാവാണ്. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അപ്പൊസ്തലനായ യോഹന്നാൻ എതിർക്രിസ്തുവിന്റെ ആത്മാവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് സാക്ഷ്യം വഹിക്കുകയും തന്റെ ലേഖനത്തിൽ അത് സൂചിപ്പിക്കുകയും ചെയ്തു. "കുഞ്ഞുങ്ങളേ, ഇതു അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്നു നമുക്ക് അറിയാം" (1യോഹന്നാൻ 2:18). പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ എതിർക്രിസ്തുവാണ് (1യോഹന്നാൻ 2:22). നാം പറഞ്ഞതുപോലെ രാജ്യങ്ങളിൽ നിന്നും ഉയരുന്ന എതിർക്രിസ്തു ഇതുവരെ വന്നിട്ടില്ല. യോഹന്നാൻ സാക്ഷ്യപ്പെടുത്തിയത് എതിർക്രിസ്തുവിന്റെ ആത്മാവിനെയാണ്. ഇങ്ങനെയുള്ള ആളുകളെ നാം കണ്ടിട്ടുണ്ടാകാം. വെള്ളക്കുതിരയുടെ പുറത്തു കണ്ടത് വെളിപാട് 19:11 ൽ വെള്ളക്കുതിരമേൽ കാണുന്ന മനുഷ്യപുത്രനാണെന്ന് തെറ്റിദ്ധരിക്കരുത്.

## രണ്ടാമത്തെ മുദ്ര!

തീ പോലെ ജ്വലിക്കുന്ന ഒരു ചുവന്ന കുതിര പുറപ്പെട്ടു. ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയുവാനും, മനുഷ്യർ അന്യോന്യം കൊല്ലുവാനും അതിന്മേൽ ഇരിക്കുന്നവനു അനുവാദം ലഭിച്ചു; ഒരു വലിയ വാളും അവനു നൽകപ്പെട്ടു (വെളിപ്പാട് 6:3,4). യുദ്ധങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, പരസ്പരം കൊല്ലുക എന്നിവയിലൂടെ ഭൂമിയിൽ നിന്നും മനുഷ്യരിൽ നിന്നും സമാധാനം എടുത്തുകളയുവാൻ ഈ മനുഷ്യന് അധികാരം ലഭിച്ചു. ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പുതന്നെ അവൻ ഈ പണി ആരംഭിച്ചുകഴിഞ്ഞിരുന്നു.

## മൂന്നാമത്തെ മുദ്ര!

മൂന്നാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ ഒരു കറുത്ത കുതിര പുറപ്പെട്ടു; അതിന്റെ പുറത്ത് ഇരുന്നവന് ഒരു ജോഡി തുലാസ്സ് നൽകപ്പെട്ടു. ലോകത്തിൽ ക്ഷാമം വരുത്തുവാനുള്ള അധികാരം അവനു ലഭിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനു സാക്ഷ്യം ഉണ്ടായി. ചില ആഫ്രിക്കൻ രാജ്യങ്ങളിൽ തുടർച്ചയായി ക്ഷാമം നേരിടുന്നു. എത്യോപ്യ, സുഡാൻ, സൊമാലിയ തുടങ്ങിയ രാജ്യങ്ങൾ നിരന്തരമായി ക്ഷാമത്തിന്റെ ഭീഷണിയിലാണ്. ഈ അടുത്ത കാലത്ത് ഹെയ്ത്തിയിൽ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് ആ ദ്വീപ് തിരിച്ചറിയാൻ കഴിയാത്തവിധം ആയിപ്പോയി. അവിടുത്തെ ആളുകൾ സൂര്യപ്രകാശത്തിൽ ചെളി ഉണക്കി അപ്പമായി കഴിക്കുന്നു. അഭൂതപൂർവ്വമായ ക്ഷാമം ഉണ്ടാക്കുന്ന സാമ്പത്തികപ്രതിസന്ധിയാണ് ശ്രീലങ്ക നേരിടുന്നത്. അഫ്ഗാനിസ്ഥാൻ പട്ടിണിയുടെ വക്കിലാണ്. ഇപ്പോഴത്തെ മഹാമാരിയായ കോവിഡ് 19 കഴിയുമ്പോൾ ലോകം കടുത്ത ക്ഷാമത്തിലൂടെ കടന്നുപോകുമെന്ന് പ്രവചിക്കപ്പെടുന്നു.

ബിൽഗേറ്റ്സും മറ്റു ശതകോടീശ്വരന്മാരും അമേരിക്കയിലും മറ്റു രാജ്യങ്ങളിലുമായി ലക്ഷക്കണക്കിന് ഏക്കർ കൃഷിഭൂമി വാങ്ങി കൃഷി ആരംഭിച്ചുകഴിഞ്ഞു. അവർ ഇതിനകം ധാന്യവിപണിയിൽ പ്രവേശിച്ചു കച്ചവടം തുടങ്ങിയിട്ടുണ്ട്. ഇന്ത്യയിൽ ഈയിടെ നടപ്പിലാക്കിയ മൂന്നു കാർഷികനിയമങ്ങൾ ഇവർക്ക് അനുകൂലമായിരുന്നെങ്കിലും പിന്നീട് റദ്ദാക്കപ്പെട്ടു. എങ്കിലും ഇവർ അടങ്ങിയിരിക്കുകയില്ല. നിയമങ്ങളുടെ പഴുതുകളിലൂടെ അവർ കൃഷിഭൂമികളുടെ വലിയൊരു ഭാഗം വാങ്ങുകയും കാർഷികാതിഷ്ഠിത കച്ചവടത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും. ബിർള ഗ്രൂപ്പ് ഇതിനകം രാജ്യത്ത് വലിയ ഗോഡൗണുകൾ സ്ഥാപിച്ചുകഴിഞ്ഞു എന്നു പറയപ്പെടുന്നു. ഇവർ മൊത്ത ധാന്യവിപണി കൈയ്യടക്കി, കൃത്രിമ ക്ഷാമം ഉണ്ടാക്കി ഇപ്പോൾ 50 രൂപയ്ക്കു കിട്ടുന്ന അരി 500 രൂപയ്ക്ക് വിൽക്കും. ഇതാണ് സംഭവിക്കാൻ പോകുന്നത്. അതിനാൽ മുദ്രയുള്ളവർ പണിയിലാണ്.

## നാലാമത്തെ മുദ്ര!

ഒരു വിളറിയ കുതിര ഉയർന്നുവന്നു, അതിൽ ഇരുന്നവന് മരണം എന്നു പേരായിരുന്നു. പാതാളം അവനെ പിന്തുടർന്നു. വാൾ, വിശപ്പു, മരണം, ഭൂമിയിലെ മൃഗങ്ങൾ (മൃഗങ്ങളിലൂടെ പകരുന്ന മഹാമാരി) എന്നിവയിലൂടെ കൊല്ലാൻ ഭൂമിയിലെ നാലിലൊന്ന് ഭാഗത്തിന് അവന് അവകാശം ലഭിച്ചു. രാജ്യങ്ങൾ തമ്മിൽ വാളോങ്ങി ലോകം 1918-ലും 1945-ലും ദശലക്ഷക്കണക്കിന് പേരെ കൊന്നൊടുക്കിയ രണ്ട് മഹായുദ്ധങ്ങൾ കണ്ടു. ലോകത്തിന്റെ പലഭാഗത്തും പൊട്ടിപ്പുറപ്പെട്ട യുദ്ധങ്ങളാൽ അനേകർ മരണപ്പെട്ടു. റഷ്യയും ഉക്രൈനും ഇപ്പോഴും യുദ്ധത്തിലാണ്. എച്ച്.ഐ.വി., എച്ച്.ഐ.വി.1, പകർച്ചപ്പനി (1918), എച്ച്.2എൻ.2 (1957), സിക്ക (2018), 1968 ലെ പകർച്ചപ്പനി (2020), നിപ്പ (2021), ഇപ്പോഴത്തെ കോവിഡ് എന്നീ വൈറസുകൾ കോടിക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിച്ചു.മനുഷ്യരാശിക്ക് വലിയ നാശം വരുത്തുന്ന മൃഗങ്ങളാണ് ഇതിനു കാരണം. ഒരിക്കൽ ഒരു വൈറസ് ഉണ്ടായാൽ അത് നശിക്കാതെ പതുങ്ങിയിരിക്കുകയാണ്.

## അഞ്ചാമത്തെ മുദ്ര!

ദൈവവചനത്തെയും അവരുടെ നല്ല സാക്ഷ്യത്തെയും കൊല്ലുന്നു. യോഹന്നാൻ അവരെ അൾത്താരയുടെ കീഴിൽ കണ്ടു. ദൈവവചനവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും കഷ്ടതയുടെ ആദ്യ മൂന്നര വർഷത്തിൽ മരണപ്പെട്ടവരുടെ ആത്മാക്കൾ കർത്താവ് മദ്ധ്യവാനിൽ വെളിപ്പെടുന്നത് കണ്ടതിനുശേഷം ഈ മുദ്ര തകർന്നേക്കാം.

## ആറാമത്തെ മുദ്ര!

ഇതുവരെ തകർന്ന മുദ്രകളിൽ ആറാമത്തെ മുദ്രയുടെ അനന്തരഫലങ്ങൾ കഠിനവും വിനാശകരവുമാണ്. സംഭവിക്കാനിരിക്കുന്നത് മത്തായി 24ൽ അക്കമിട്ടു പറഞ്ഞിരിക്കുന്നതുപോലെ വെളിപ്പാട് 6:12-17 വരെയും വിശദമാക്കിയിരിക്കുന്നു:

1. ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു; ചന്ദ്രൻ രക്തതുല്ല്യമായി ത്തീർന്നു.
2. അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു.
3. പുസ്തകചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാമലയും ദ്വീപും സ്വസ്ഥാനത്തുനിന്നു ഇളകിപ്പോയി.
4. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും;
5. തങ്ങളുടെമേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ.
6. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും?

പ്രിയ സുഹൃത്തുക്കളേ, സംഭവിക്കാനിരിക്കുന്നതും സംഭവിച്ചുകൊണ്ടിരിക്കുന്നതും

06-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ

**റസിഡൻഷ്യൽ/ സായാഹ്ന കോളേജ്**

**വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ**

**ഭാഷ : ഹിന്ദി/തമിഴ്**

ECHO OF HIS CALL (ECHO GROUP)

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL ★ Estd.: 1969

***അപേക്ഷകനുള്ള മെമ്പർഷിപ്പ്***

**ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)**

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

***വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം***

***വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം***

**യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ**

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**

**10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ**

**ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858**

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

**✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶**

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മെയ് 19** : കോവിഡ് 19 കേസുകൾ ഇന്ത്യയിൽ കുറവായിരിക്കുന്നതിനായി.

**മെയ് 20** : ഞങ്ങളുടെ സുവിശേഷ അച്ചടിശാലയിൽ 17 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസികകൾ അച്ചടിച്ച് മിഷൻ ഫീൽഡുകളിൽ അയക്കുവാൻ ദൈവം സഹായിച്ചു.

**മെയ് 21** : കോവിഡ് 19 കാലഘട്ടത്തിൽ **വിളിയുടെ പ്രതിധ്വനിയുടെ** എല്ലാ പ്രവർത്തനങ്ങൾ ദൈവം അനുഗ്രഹിച്ചു.

**മെയ് 22** : നമ്മുടെ എല്ലാ അസ്സോസിയേറ്റ് അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി.

**മെയ് 23** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**മെയ് 24** : അഭിഷേകമുള്ള പുതിയ വിശ്വാസികളെ ഞങ്ങളുടെ സഭയക്കു നൽകിയതിനായി.

**മെയ് 25** : **വിളിയുടെ പ്രതിധ്വനിയുടെ** കഴിഞ്ഞ മാസത്തെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിച്ചു.

**മെയ് 26** : ഞങ്ങളുടെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ യാത്ര അനുഗ്രഹപ്രദമായിരുന്നു.

**മെയ് 27** : ഹിന്ദി തിയോളജിക്കൽ കോഴ്സിന്റെ ഓൺലൈൻ ക്ലാസ്സുകൾ അനുഗ്രഹിച്ചതിനായി.

**മെയ് 28** : മുഖ്യസഭയിലെ സ്ത്രീകളുടെ കൂട്ടായ്മയെ ദൈവം അനുഗ്രഹിച്ചതിനായി.

**മെയ് 29** : ഹിന്ദി ഓൺലൈൻ തിയോളജിക്കൽ കോഴ്സിനെ ദൈവം അനുഗ്രഹിച്ചതിനായി.

**മെയ് 30** : കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ നിറവേറ്റിയതിനായി.

**മെയ് 31** : 1969 മുതലുള്ള മാസിക ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 01** : ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 02** : ജീവനക്കാരുടെ കുടുംബങ്ങളിൽ ദൈവം അനുഗ്രഹം വർഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 03** : നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂൺ 04** : നമ്മുടെ സുവിശേഷ അച്ചടിശാലയെ ദൈവം അനുഗ്രഹിക്കുവാനായി.

**ജൂൺ 05** : റസിഡൻഷ്യൽ നെഹെമ്യ ബൈബിൾ കോളേജിന് ആവശ്യമായ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

**ജൂൺ 06** : രാജ്യങ്ങൾ തമ്മിൽ ആത്മാർത്ഥമായ സഹകരണം ഉണ്ടാകുവാനായി.

**ജൂൺ 07** : നമ്മുടെ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്ര. പോൾരാജ് രോഗത്തിൽ നിന്നും പൂർണ്ണ വിടുതൽ പ്രാപിച്ച് സമാധാനമായി ജീവിതം നയിക്കാൻ.

**ജൂൺ 08** : ലോകത്തിൽനിന്നും കൊറോണ വൈറസ് തുടച്ചുനീക്കപ്പെടുവാനായി.

**ജൂൺ 09** : നമ്മുടെ ശുശ്രൂഷയുടെ എല്ലാ മേഖലയിലുമുള്ള വിപുലീകരണത്തിനായി.

**ജൂൺ 10** : എല്ലാ മേഖലയിലുമുള്ള നമ്മുടെ രാജ്യത്തിന്റെ ഒത്തൊരുമക്കായി.

**ജൂൺ 11** : നമ്മുടെ സംഘടന, അതിന്റെ പ്രവർത്തകർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ നന്മകൾക്കായി.

**ജൂൺ 12** : എല്ലാ മതങ്ങളുടെയും യോജിപ്പിനായി.

**ജൂൺ 13** : ക്രിസ്തീയ സംഘടനകളുടെ അനുഗ്രഹങ്ങൾക്കായും സംരക്ഷണക്കായും.

**ജൂൺ 14** : സുവിശേഷം എത്തിച്ചേരാത്ത മേഖലകളിൽ പ്രവർത്തിക്കുവാനുള്ള ദൈവീകാനുഗ്രഹങ്ങൾക്കായി.

**ജൂൺ 15** : സീനിയർ പാസ്റ്ററുടെ ആത്മകഥാ രചന വിജയത്തിലെത്തിച്ചേരുവാനായി.

**ജൂൺ 16** : ലോകം മുഴുവനുമുള്ള ജനങ്ങളുടെ സുരക്ഷക്കായി.

**ജൂൺ 17** : തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിതമാക്കുവാനുള്ള നല്ല കാഴ്ചപ്പാട് ലഭിക്കുവാൻ.

**ജൂൺ 18** : നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിക്കുവാൻ.

... 4-ാം പേജിന്റെ തുടർച്ച

സംഭവിച്ചുകഴിഞ്ഞതുമായ വിനാശങ്ങൾ 50 വർഷങ്ങൾക്കുമുമ്പേ കാണാൻ കഴിയാത്തതും അതിനുശേഷം നടന്നതുമാണ്. ഈ പട്ടികയിൽ പറഞ്ഞിരിക്കുന്ന നാശനഷ്ടങ്ങൾ സംഭവിച്ചു തുടങ്ങി. അത് ഉടനെ തന്നെയോ അൻപതോ നൂറോ വർഷങ്ങൾക്കകത്ത് അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചേരും. കർത്താവിന് ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷം ഒരു ദിവസം പോലെയുമാണ്. അവൻ അനാദിയായുള്ളവൻ ആണ്. അതായത് സൃഷ്ടിയ്ക്കു മുമ്പും ശേഷവും.

## ഏഴാമത്തെ മുദ്ര!

ഏഴാമത്തെ മുദ്ര തുറന്നപ്പോൾ സ്വർഗ്ഗത്തിൽ അര മണിക്കൂറോളം നിശബ്ദത ഉണ്ടായി (വെളിപ്പാട് 8:1). ലോകം മുഴുവൻ കലാപത്തിലും അരാജകത്വത്തിലുമായിരിക്കുമ്പോൾ സ്വർഗ്ഗത്തിൽ അര മണിക്കൂർ നിശബ്ദത എന്നു പറയുമ്പോൾ ലോകം സാക്ഷ്യം വഹിക്കുവാനുള്ള വലിയ വിനാശത്തെയാണ് വെളിവാക്കുന്നത്. ഏഴാമത്തെ മുദ്ര തുറന്നപ്പോൾ ദുരന്തമൊന്നും ഉണ്ടായില്ല എങ്കിലും ഏഴു കാഹളം മുഴക്കുന്നതും, ഏഴു കലശങ്ങൾ ഭൂമിയിലേക്ക് ഒഴിക്കുന്നതും സംഭവിക്കാനിരിക്കുൾ വലിയ വിനാശങ്ങൾ വെളിപ്പെടുത്തുന്നു. കഷ്ടതയുടെ ആദ്യ മൂന്നര വർഷങ്ങളിൽ (1240 ദിവസം) കാഹളം മുഴങ്ങുകയും രണ്ടാം പകുതിയിൽ കലശങ്ങൾ ഒഴിക്കുകയും ചെയ്യുമെന്ന് വേദശാസ്ത്രപണ്ഡിതന്മാർ അവകാശപ്പെടുന്നു. ഏഴു വർഷത്തെ കഷ്ടതയുടെ കാലത്തിനുമുമ്പ് വിശുദ്ധന്മാർ പിടിക്കപ്പെടും. കഷ്ടകാലത്തിനുമുമ്പ് സഭ പിടിക്കപ്പെട്ടു എന്ന് നാം ഇതിനകം കണ്ടു.

ഇപ്പോൾ നമ്മുടെ മൂക്കിന്റെ തുമ്പത്ത് നടങ്ങുന്നതും 50 വർഷങ്ങൾക്കുമുമ്പ് നടക്കാത്തതുമായ കാര്യങ്ങളാണ് വർണ്ണിക്കേണ്ടത്. ആദ്യത്തെ നാലു മുദ്രകൾ തകർന്നതിന്റെ അനന്തരഫലങ്ങൾ നിലച്ചിട്ടില്ല, അത് ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു നാം മനസ്സിലാക്കണം.

## ഭൂകമ്പം, സൂര്യൻ ഇരുണ്ടു, ചന്ദ്രൻ രക്തവർണ്ണമായി!

ഒന്നാം നൂറ്റാണ്ടിനുശേഷമോ, ചിലപ്പോൾ അതിനു മുമ്പോ ഭൂകമ്പങ്ങൾ ഉണ്ടാകാറുണ്ട്. പക്ഷെ ഇന്നത്തെ കാര്യങ്ങൾ താരതമ്യം ചെയ്യുമ്പോൾ അതിന്റെ തീവ്രതയും എണ്ണവുമെല്ലാം കുറവാണ്. എതാണ്ട് പത്തു വർഷങ്ങൾക്കുമുമ്പ് ഗുജറാത്തിൽ വലിയ ഒരു ഭൂകമ്പമുണ്ടായി. നൂറുകണക്കിന് ആളുകൾ മരിക്കുകയും അനേകം വീടുകൾ തകരുകയോ മുങ്ങിപ്പോകുകയോ ചെയ്തു. അടുത്ത കാലത്ത് ജപ്പാനിലെ ഫുകുഷിമയിൽ ഉണ്ടായ ശക്തമായ ഭൂമികുലുക്കത്തിന്റെ ഫലമായി ആണവനിലയം പൂർണ്ണമായി നശിച്ചുപോയി. ഇന്തൊനേഷ്യയിൽ 2004ൽ ഉണ്ടായ ഭൂകമ്പത്തിന്റെ ഭാഗമായി ജീവനും സ്വത്തിനും സാരമായ നാശനഷ്ടങ്ങൾ ഉണ്ടായി. അതുമുഖാന്തരം ഉണ്ടായ സുനാമിയുടെ ഫലമായി തീരദേശരാജ്യങ്ങളായ ഇന്ത്യ, ശ്രീലങ്ക, തായ്‌ലാന്റ് മുതലായ രാജ്യങ്ങളിൽ അനേകം നാശനഷ്ടങ്ങൾ ഉണ്ടായി. കിഴക്കൻ തീരത്ത് ഏകദേശം ഒന്നര ലക്ഷത്തോളം ജനങ്ങൾ മരണപ്പെട്ടു. ഇന്തയിലാണ് ഏറ്റവും കൂടുതൽ പേർ മരിച്ചത്.

വിവിധ വ്യാപ്തിയിലുള്ള ഭൂകമ്പങ്ങൾ ലോകത്തിൽ ഉണ്ടാകാറുണ്ട്. അതിന്റെ തീവ്രതയും അടിക്കടി ഉണ്ടാകാറുള്ളതിന്റെ കണക്കിലുമൊക്കെയാണ് വ്യത്യാസം. ഭൂകമ്പങ്ങൾക്കും സുനാമികൾക്കുമെതിരെയുള്ള മനുഷ്യന്റെ നിസ്സഹായാവസ്ഥയാണ് ഇതിലൂടെ പ്രകടമാകുന്നത്.

ക്ഷീരപഥത്തിലെ നമ്മുടെ ഏറ്റവും വലിയ ഗ്രഹമാണ് സൂര്യൻ. ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിൻസ് കഴിഞ്ഞ 50 വർഷത്തോളമായി പറയുന്നതാണ് സൂര്യന്റെ പ്രതലത്തിലുള്ള കറുത്ത കുഴികളെക്കുറിച്ച്. ഈ പ്രസ്താവനയെ അനേകർ പിന്താങ്ങുകയും നാസ ഇത് അംഗീകരിക്കുകയും ചെയ്തു. സൂര്യന്റെ ഉപരിതലത്തിൽ ഹൈഡ്രജൻ കത്തുന്നതിന്റെ പരിണിതഫലമാണ് ഈ വലിയ താഴ്‌വര പോലെയുള്ള ഗർത്തങ്ങൾ. ഈ പ്രവൃത്തി സൂര്യന്റെ ചൂട് വർദ്ധിപ്പിക്കുകയും റേഡിയേഷൻ ഉണ്ടാകുകയും ചെയ്യുന്നു. സോളാർ സുനാമി എന്ന ഒരു പ്രതിഭാസം സംഭവിക്കുകയും ഈ കറുത്ത ദ്വാരങ്ങളിൽനിന്ന് ചൂടുള്ള തരംഗങ്ങൾ പുറപ്പെടുവിക്കുകയും സൂര്യനിൽനിന്ന് പ്രവഹിക്കുകയും ചെയ്യും. ഇവ വൈദ്യുതി പ്രവഹിക്കുന്ന കണങ്ങളാണ്. ഇത് സൂര്യനോട് അടുത്തുള്ള ഗ്രഹങ്ങളെ കൂടുതൽ ബാധിക്കും. നമ്മുടെ ഭൂമി സൂര്യന്റെ അടുത്തുള്ള മൂന്നാമത്തെ ഗ്രഹമാണ്, അതിനാൽ നാം അപകടമേഖലയിലുമാണ്.

29-01-2022 ൽ സോളാർ സുനാമി ലോകത്തെ ബാധിക്കുകയും അന്റാർട്ടിക്ക മേഖലയിലും ഗ്രീൻലാന്റിലും നാശം വിതയ്ക്കുകയും ചെയ്തു. സാധാരണ ഈ ദ്വീപ് ഐസ് മൂടിക്കിടക്കും, മഴ പെയ്യാറില്ല. സുനായിയുടെ ആക്രമണവും ചൂടിന്റെ കാഠിന്യവും നിമിത്തം ദ്വീപ് പച്ച നിറമായി മാറുകയും ഐസ് ഉരുകി സമുദ്ര നിരപ്പ് ഉയർന്ന് താഴ്ന്ന തീരപ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഇന്തൊനേഷ്യ, അതിന്റെ തലസ്ഥാനമായ ജക്കാർത്ത കുറച്ചുകൂടി ഉയർന്ന സ്ഥലത്തേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 20ലക്ഷം ജനങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായിട്ടുണ്ട്.


നെഹെമ്യ ബൈബിൾ കോളേജുകൾ

വിളിയുടെ പ്രതിധ്വനി

(റസിഡൻഷ്യൽ – ഹിന്ദി & സായാഹ്ന – തമിഴ്

ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)

അപേക്ഷകനുള്ള മെമ്പർഷിപ്പ് – ATA

23-ാമതു ബിരുദദാന ശുശ്രൂഷ

03 ജൂൺ 2022
വെള്ളി, 5.00 പി.എം

സ്ഥലം – ബലർ കാൽവി നിലയം ഹാൾ,
എം. ആർ. സി. സെന്റർ, അനിത മെട്രിക്കുലേഷൻ
സ്കൂൾ കോമ്പൗണ്ട്, 5/6, റിദർഡൺ റോഡ്,
വേപ്പേരി, ചെന്നൈ – 600 007

Classes for the academic year 2022-23 will commence on 06.06.2022

പ്രാർത്ഥിക്കുവിൻ! പങ്കെടുക്കുവിൻ!!

- 2022–2023 യിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!
- അർഹതയുള്ള വിദ്യാർത്ഥികളെ നിർദ്ദേശിക്കുവിൻ!!
- റസിഡൻഷ്യൽ ഹിന്ദി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാണ്!!!

പാസ്റ്റർ. എസ്. സാം സെൽവരാജ്, പ്രസിഡന്റ്

ഇപ്പോൾ സൂര്യന്റെ 12% ഈ കറുത്ത ദ്വാരങ്ങൾ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. അത് 100% ആകുമ്പോൾ ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിവൃത്തിയാകും.

സോളാർ സുനാമിയുടെ ആക്രമണത്തിൽ ലോകം വളരെ ദുർബലമാണ്. ലോകത്തെ സൃഷ്ടിച്ചപ്പോൾ സൂര്യന്റെ ആക്രമണത്തിൽ നിന്ന് ഭൂമിയെ സംരക്ഷിക്കാൻ ദൈവം മൂന്നു സംരക്ഷണ പാളികൾ ഉണ്ടാക്കി. നോഹയുടെ കാലത്ത് വെള്ളപ്പൊക്കം ഉണ്ടായപ്പോൾ ഭൂമിക്കു മീതെ ഉണ്ടായിരുന്ന വെള്ളം ഒഴുകിപ്പോയതിനാൽ ആദ്യത്തെ സംരക്ഷണപാളി വറ്റിപ്പോയി. വൻതോതിലുള്ള വ്യവസായവൽക്കരണം, വാഹനങ്ങളിൽനിന്നും പുറന്തള്ളപ്പെടുന്ന പുക തുടങ്ങിയവയിലൂടെ പുറത്തേക്ക് വമിക്കുന്ന കാർബൺ ഡയോക്സൈഡ്, നൈട്രസ് ഓക്സൈഡ് തുടങ്ങിയ വിഷവാതകങ്ങൾ മുഖാന്തിരം ഓസോൺ പാളികൾ പൂർണ്ണമായി നശിച്ചുപോയി. ഇത് രണ്ടാമത്തെ സംരക്ഷണപാളിയായിരുന്നു. ഇത് നമ്മുടെ കാലത്തു തന്നെ നശിച്ചുപോയി. മൂന്നാമത്തെ സംരക്ഷണപാളിയായ കാന്തികവലയം മാത്രമേ നമ്മെ റേഡിയേഷനിൽ നിന്നും സംരക്ഷിക്കാൻ പ്രാപ്തമായിട്ടുള്ളു. വിഷവാതകങ്ങൾ മൂലം അതും നശിച്ചുകൊണ്ടിരിക്കുന്നു.

ഉയർന്ന വ്യാവസായിക ശൃംഘലയുള്ള രാജ്യങ്ങളിൽ വിഷവാതകം പുറപ്പെടുവിക്കുന്നതിനെതിരെ യു.എൻ.ഒ. മുന്നോട്ടുവന്നിട്ടുണ്ട്. വിഷവാതകം 0% പുറപ്പെടുവിക്കുന്നതിലേക്കായി മിക്ക രാജ്യങ്ങളും സമയബന്ധിതമായി പ്രവർത്തിക്കുകയാണ്. ഇന്ത്യ അത് വരുന്ന 30 വർഷങ്ങൾകൊണ്ട് സാക്ഷാത്കരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

സൂര്യന്റെ ഉപരിതലത്തിൽ താപം വർദ്ധിക്കുന്നതിനാൽ ആർട്ടിക് മേഖലയിലും മറ്റു പ്രദേശങ്ങളിലുമുള്ള മഞ്ഞ് ഉരുകിയൊലിച്ച് സമുദ്രനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്നു. ഇത് അന്തരീക്ഷത്തിന്റെ താപനില വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ കാരണം കൊണ്ടു തന്നെ യൂറോപ്യൻ രാജ്യങ്ങളിലും ചൈനയിലും അഭൂതപൂർവ്വമായ മഴ നാശം വിതച്ചത്.

വരുംദിവസങ്ങളിൽ കറുത്ത ദ്വാരങ്ങളുടെ വ്യാപ്തി കൂടുകയും സോളാർ സുനാമിയുടെ വർദ്ധിച്ച സാദ്ധ്യത കാണുന്നതിനാലും ലോകരാഷ്ട്രങ്ങൾ ഭീതിയുടെയും നിരാശയുടെയും പിടിയിലാണ്. തങ്ങൾക്കു പ്രീയമുള്ളതിനെയെല്ലാം സംരക്ഷിക്കുവാനുള്ള പല പദ്ധതികളും ആസൂത്രണം ചെയ്യാനുള്ള ആലോചനയിലാണ് രാഷ്ട്രങ്ങൾ. വലിയ കുന്നുകൾക്കും പർവ്വതങ്ങൾക്കും അടിയിൽ നൂറിലധികം ബങ്കറുകൾ ഉണ്ടാക്കുവാൻ അമേരിക്ക മുമ്പിലുണ്ട്. ഓരോ ബങ്കറുകളും 1400 മുതൽ 2000 അടി വരെ താഴ്ചയിലാണുള്ളത്. ബങ്കറുകളുടെ വലിപ്പത്തിൽ വ്യത്യാസം ഉണ്ടാകാം. എന്നിരുന്നാലും ജീവിക്കാൻ സാധ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടെയുള്ള ഒരു മിനി ടൗണാണ് ഓരോ ബങ്കറും. ഓരോ ബങ്കറും 4 മുതൽ 6 മാസം വരെ താമസിക്കാനുള്ള സൗകര്യത്തോടെയാണ് നിർമ്മിച്ചിട്ടുള്ളത്. ഒരു വ്യക്തിയുടെ ചെലവ്/വാടക ഏകദേശം രണ്ടു ലക്ഷം ഡോളറാണ്. സ്വകാര്യ വ്യക്തികളും ബങ്കറുകൾ നിർമ്മിക്കുന്നുണ്ട്.

മിക്ക യൂറോപ്യൻ രാജ്യങ്ങളും ജനങ്ങളെ സഹായിക്കുവാൻ ബങ്കറുകൾ വികസിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. നോർവ്വെ, സ്വിറ്റ്സർലാന്റ്, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളാണ് മുന്നിൽ. ഉത്തരം ലഭിക്കേണ്ട വലിയ ചോദ്യമുണ്ട്. ഭൂകമ്പമോ അഗ്നിപർവ്വത സ്ഫോടനമോ സംഭവിക്കുമ്പോൾ ഈ ബങ്കറുകൾക്ക് എത്രമാത്രം സുരക്ഷ നൽകാൻ കഴിയും? ലോകം ഒരു കൂട്ടനാശത്തിന്റെ കീഴിലായിരിക്കുമ്പോൾ നാലോ ആറോ മാസത്തെ സംരക്ഷണം മതിയോ? ദൈവത്തിന്റെ പദ്ധതികളെ വെല്ലാൻ മനുഷ്യനു കഴിയുകയില്ല.

കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ലോക സംഘടന 2022 ഫെബ്രുവരി 28ന് ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. അടുത്ത രണ്ടു ദശാബ്ദങ്ങളിൽ താപനില 1.5% അല്ലെങ്കിൽ അതിൽ കൂടുലോ വർദ്ധിക്കുമെന്ന് അതിൽ മുന്നറിയിപ്പു നൽകുന്നു. ഇത് പ്രകൃതിയെയും മനുഷ്യനെയും പ്രതികൂലമായി ബാധിക്കും. ഇന്ത്യയിലെ പല നഗരങ്ങളും 35-36° സെന്റിഗ്രേഡ് കടക്കുന്നു. അതിനാൽ ലോകം മനുഷ്യവാസയോഗ്യമല്ലാതാകുകയാണ്.

ഭൂമിയുടെ ആഴങ്ങളിൽ കുഴിച്ചിട്ടിരിക്കുന്ന ന്യൂക്ലിയർ ബോംബും മറ്റു സ്ഫോടക വസ്തുക്കളും ലോകത്തെ ഭീതിയിലാക്കുന്ന മറ്റു അപകടങ്ങളാണ്. ഇവ അനേകം തവണ ലോകത്തെ മുഴുവൻ നശിപ്പിക്കുവാൻ കഴിവുള്ളതാണ്. ശക്തമായ ഭൂകമ്പമോ അഗ്നിപർവ്വത സ്ഫോടനമോ സംഭവിക്കുമ്പോൾ ആണവായുധങ്ങൾക്കും സ്ഫോടകവസ്തുക്കൾക്കും എന്തു സംഭവിക്കും? വികസിത രാജ്യങ്ങളിലെ മിക്കവാറും എല്ലാ വീടുകളിലും പാചകവാതകം പൈപ്പ്ലൈനിലൂടെയാണ് എത്തിയിരിക്കുന്നത്. ഒരു ദുരന്തം സംഭവിക്കുമ്പോൾ പാചകവാതകത്തിനും അതിന്റെ സംഭരണ ടാങ്കുകൾക്കും എന്തു സംഭവിക്കും? അതിനാൽ ലോകം ഒരു അഗ്നിപർവ്വതത്തിൽ ഇരിക്കുകയാണെന്നതിൽ സംശയമില്ല.

ലോകത്തിന്റെ പല ഭാഗങ്ങളിലും ചുവന്ന ചന്ദ്രന്റെ ദൃശ്യം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഇതു വളരെ അടുത്തയിടയിൽ പ്രത്യക്ഷപ്പെടുകയും അനേകർ നഗ്നനേത്രങ്ങളാൽ കാണുകയും ചെയ്തു. സമീപ വർഷങ്ങളിൽ അതിന്റെ ആവർത്തനം കൂടിവരുന്നു.

ആകാശഗോളങ്ങളിൽനിന്ന് ഛിന്നഗ്രഹങ്ങളും ധൂപകങ്ങളും വീഴുന്നത് പതിവു കാഴ്ചയാണ്. ഈ അടുത്തയിടെയാണ് ആറു ടൺ ഭാരമുള്ള ഛിന്നഗ്രഹം സമുദ്രത്തിൽ പതിച്ചത്. ഇപ്പോൾ അതിന്റെ വീഴ്ചയുടെ എണ്ണം വർദ്ധിക്കുന്നു. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ശക്തമായ കാറ്റിൽ അത്തിവൃക്ഷത്തിൽനിന്നും അത്തിപ്പഴം വീഴുന്നതുപോലെ നക്ഷത്രങ്ങളും വീഴാൻ തുടങ്ങും.

വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ചൂടിന്റെ കാഠിന്യത്താൽ ആകാശത്തെ ഒരു ചുരുൾ പോലെ ചുരുട്ടിയെടുക്കാം. കഠിനമായ ഭൂകമ്പത്താലും അഗ്നിപർവ്വതസ്ഫോടനങ്ങളാലും പർവ്വതങ്ങളും ഉൾനാടുകളും നീങ്ങിപ്പോകും.

ഭൂഗർഭ പരിണാമങ്ങൾ മൂലമുള്ള കൊടിയ നശീകരണത്തിനാൽ ജനങ്ങൾ അവരുടെ വീടുകൾ ഉപേക്ഷിച്ച് മലകൾക്കും കുന്നുകൾക്കുമിടയിൽ ഒളിക്കാൻ അലഞ്ഞുനടക്കുകയും ചിലർ അത് അവരുടെമേൽ വീഴുവാൻ ആവശ്യപ്പെടുകയും ചെയ്യും. അക്കാലത്ത് മരണം അവരിൽനിന്ന് ഒഴിഞ്ഞുമാറിപോകും.

വെളിപ്പാട് 13:16-18 ൽ പറഞ്ഞിരിക്കുന്നതുപോലെ ലോകത്തിലെ ചെറുതും വലുതുമായ എല്ലാവരും തങ്ങളുടെ വലതു കരത്തിലോ നെറ്റിമേലോ ഒരു മുദ്ര പതിപ്പിക്കണം. അതിനായി ഇപ്പോൾ ജീവിച്ചിരിക്കുന്ന എതിർക്രിസ്തുവിന്റെ അനുയായികൾ ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന തിരക്കിലാണ്. മിക്കവാറും എല്ലാ രാജ്യങ്ങളും ആധാർ പോലെയുള്ള കാർഡുകൾ നൽകിയിട്ടുണ്ട്. മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവയ്ക്ക് 16 അക്ക നമ്പർ നൽകുവാനാണ് സജ്ജീകരിച്ചിരിക്കുന്നത്. അതിന്റെ കൂടെ രണ്ടു കമ്പ്യൂട്ടർ കോഡ് കൂടെ ചേരുമ്പോൾ 18 ആയി. 18 അക്ക നമ്പർ കണക്കാക്കിയാൽ അത് മൃഗത്തിന്റെ നമ്പർ ആയ 666 മായി ഒക്കുന്നു. ഈ വിവരങ്ങളൊക്കെ ഒരു ബയോചിപ്പിലാക്കി വലതുകൈമേലോ നെറ്റിമേലോ ഘടിപ്പിക്കാൻ തയ്യാറാണെന്നു പറയപ്പെടുന്നു. ഈ ചിപ്പുകൾ ഘടിപ്പിക്കുവാൻ എതിർക്രിസ്തുവിന്റെ അനുയായികൾ അവസരം പാർത്തിരിക്കുകയാണ്.

ഇപ്പോൾ ഏഴു വർഷത്തെ കഷ്ടകാലത്തേക്കായി എല്ലാം സജ്ജീകരിച്ചിരിക്കയാണ്. ആറാമത്തെ മുദ്ര പൊട്ടിച്ചുകഴിഞ്ഞതിന്റെ

*09-ാം പേജിൽ തുടരും...*



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

**"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)**

## നമ്മെ ഉരുവാക്കുന്ന കർത്താവ്!

ദൈവകൃപയാൽ9,10,11 ക്ലാസ്സുകൾ എന്റെ ജന്മഗ്രാമത്തിനടുത്തുള്ള എരണിയൽ ഗവൺമെന്റ് ഹൈസ്കൂളിൽ 1962 മുതൽ 1965 വരെ പഠിക്കുവാനുള്ള ദൈവകൃപ ലഭിച്ചു. അതിനുശേഷം പ്രീയൂണിവേഴ്സിറ്റി കോഴ്സ് എന്റെ ഗ്രാമത്തിനടുത്തുള്ള ലക്ക്ഷിമിപുരം കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസിൽ ചെയ്യുവാൻ സാധിച്ചു.



റവ.ഡോ. എ. സെൽവരാജ്

ഇപ്പോൾ ഏർക്കാട് ദൈവീകശുശ്രൂഷ ചെയ്യുന്ന, ജമുനാ മരുത്തൂറിൽ ആദിവാസികളുടെ ഇടയിൽ ദീർഘകാലം മിഷണറി പ്രവർത്തനം നടത്തിയിരുന്ന റവ.ഡോ.എ. ചെല്ലരാജ് എന്റെ കൂടെ ഹൈസ്കൂളിൽ പഠിച്ചിരുന്നയാളാണ്. അദ്ദേഹം എന്റെ ആത്മീക മാതൃകയാണ്.

അദ്ദേഹം എന്റെ സുഹൃത്ത് മാത്രമല്ല, എന്റെ ശുശ്രൂഷയെ പ്രോത്സാഹിക്കുന്നയാളും ആയിരുന്നു. അദ്ദേഹം എന്റെ പ്രാർത്ഥനാജീവിതത്തിന് പ്രചോദനവും ആത്മീയ ജീവിതത്തിന് സഹായിയും ആയിരുന്നു. ഈ ലോകത്തിന്റെ ശക്തികൾക്കെതിരെയും ജഡമോഹങ്ങൾക്കെതിരെയും സാത്താനെതിരെയും നിൽക്കാൻ ദൈവം ഞങ്ങളെ പഠിപ്പിച്ചു. സിനിമയ്ക്കോ, ലൗകീക ആഘോഷങ്ങൾക്കോ, തെറ്റായ ശീലങ്ങൾക്കോ മയക്കുമരുന്നിനോ അധീനരാകാതെ ഞങ്ങളെ ദൈവം കാത്തുപരിപാലിച്ചു. വിശുദ്ധ ജീവിതത്തിൽ വളർന്നുവരുവാനും ദൈവം സഹായിച്ചു.

ആ കാലത്ത് ഞങ്ങളുടെ കുടുംബം സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിലായിരുന്നു. അതിനാൽ ഞാൻ കോളേജിലായിരുന്നപ്പോൾ എല്ലാദിവസവും ഉച്ചയ്ക്കുള്ള ആഹാരം എന്റെ ആന്റി ശ്രീമതി. റോസലറ്റ് ദേവകടാക്ഷം തരുമായിരുന്നു. ഉദയർവിള എന്ന സ്ഥലത്താണ് അവർ താമസിച്ചിരുന്നത്. ആന്റിയുടെ മക്കളായ ബ്രദർ. പ്രിൻസ്, സിസ്റ്റർ. ജാസ്മിൻ ഫ്ളോറൽ, ബ്രദർ. വൈസ്, എന്റെ അനുജത്തി സിസ്റ്റർ. ഡോട്ടി എന്നിവർ എന്നെ ഒരു കുഞ്ഞ് യേശുവിനെപ്പോലെയാണ് നോക്കിയത്. അവരുടെ ജീവിത ശൈലി ദൈവഭയമായിരുന്നു. ഞാൻ അത് അവരിൽ നിന്നാണ് പഠിച്ചത്.

ഈ കാലഘട്ടത്തിൽ എന്റെ ഉള്ളിൽ ഒരു പ്രത്യേക ആഗ്രഹം രൂപപ്പെട്ടുകൊണ്ടിരുന്നു. വലിയ സ്വഭാവഗുണമുള്ളവനായി വളരാനായിരുന്നു എന്റെ ആഗ്രഹം. ലോകത്തെ സൃഷ്ടിക്കുകയും ലോകത്തിനാവശ്യമായതെല്ലാം നൽകുകയും ചെയ്യുന്ന ദൈവത്തിനുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യാൻ ആഗ്രഹം ഉണ്ടായി. "**ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്**" എന്നു ഫിലിപ്പിയർ 2:13 ൽ പറയുന്നതുപോലെ സത്യസന്ധമായി ജീവിക്കുവാനും ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്യാനുള്ള ലക്ഷ്യം ഉണ്ടായി. ഈ ലക്ഷ്യം നിറവേറ്റുവാൻ ഞാൻ എന്റെ ലൗകീക സുഹൃത്തുക്കളെയും മറ്റു പലതിനെയും ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. അനേകരെ എനിക്കു നഷ്ടമായി.

അതായത്, എന്റെ ചെറുപ്പം മുതലേ ദൈവീക കാര്യങ്ങളൊഴികെ മറ്റൊന്നിനും എനിക്കു താൽപര്യം ഇല്ലായിരുന്നു. ലൗകീകമായ ഒരു കാര്യവും എനിക്കറിയില്ലായിരുന്നു. എന്റെ സ്കൂളിലെ ചില അദ്ധ്യാപകർ ഞാനൊരു മന്ദബുദ്ധി എന്നു കരുതി പെരുമാറിപോന്നു. പക്ഷെ, "**ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെയല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു**" (1കൊരിന്ത്യർ 2:2). എന്റെ തലച്ചോറും ഹൃദയവും ദൈവത്തെ മാത്രം ചിന്തിക്കുന്നതിനായി അവൻ ഏകാഗ്രമാക്കി. എന്റെ അവസ്ഥ ദൗർബല്യം അല്ല, അതൊരു പദവിയാണെന്ന് ചിന്തിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ സഹായിച്ചു.



*S. Sam Selva Raj (Age : 18)*

ഉദാഹരണമായി, സ്കൂളിലോ യാത്രയിലായിരിക്കുമ്പോഴോ യാദൃശ്ചികമായി സിനിമ കാണുവാനിടയായാൽ, അല്ലെങ്കിൽ ഏതെങ്കിലും ലൗകീകമായ കഥ കേൾക്കുവാനിടയായാലോ അത് ഞാൻ കാണുകയും കേൾക്കുകയും ചെയ്യുമെങ്കിലും ബുദ്ധിമണ്ഡലത്തിലോ ഹൃദയത്തിലോ കടക്കയില്ല. ഇത്തരം കാര്യങ്ങളോടുള്ള ഒരു തിരസ് കരണം എന്റെ ഉള്ളിൽ നടക്കുന്നത് എനിക്കറിയാം. കാണുന്നതും കേൾക്കുന്നതും എന്റെ ഹൃദയത്തിൽ നിന്നും മായ്ചു കളയുന്നു. അതിനെ വീണ്ടെടുക്കാനോ ഓർത്തെടുക്കാനോ കഴിയില്ല. "**ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബലമാക്കുകയും ചെയ്യും**" (1കൊരിന്ത്യർ 1:19).

ലൗകികർ ഞാൻ വിവരമില്ലാത്തവൻ എന്നു വിചാരിച്ചു. പക്ഷെ ഞാൻ അത് കാര്യമാക്കിയില്ല. സർവ്വശക്തനായ ദൈവം എന്നിൽ വസിക്കുന്നു എന്നും എന്നെ ഉന്നതനിലവാരത്തിലേക്ക് കൊണ്ടുവരികയാണെന്നും എനിക്ക് അറിയാമായിരുന്നു. "കപടം പഠിച്ചിട്ട് മറന്നുകളക" എന്ന ലൗകിക പ്രമാണം എനിക്കു ബാധകമല്ലായിരുന്നു. ഞാൻ ഈ ലോകത്തിൽ ജീവിക്കുകയാണെങ്കിലും ഒരു വേറിട്ട ജീവിതം നയിക്കാൻ ദൈവം എന്നെ പഠിപ്പിച്ചു.

**ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്ന് എഴുതിയിരിക്കുന്നതുപോലെതന്നെ.**

**നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു.**

**മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആര് അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല.**

**നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നൽകിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്.** (1കൊരിന്ത്യർ 2:9-12)



ശ്രീ. സി. സെൽവം

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ എന്റെ മേൽ ദൈവത്തിന് ഒരു പ്രത്യേക പദ്ധതി ഉണ്ടെന്നും വൻ കാര്യങ്ങൾ ചെയ്യാൻ പണിയുകയാണെന്നും എന്റെ പിതാവിന്റെ സുഹൃത്തും **കമ്മേഴ്സ്യൽ**



ശ്രീ. ഗിൽബർട്ട് റോയി

**ഇൻസ്റ്റിട്യൂട്ട്, നെയ്യൂരി**ന്റെ സ്ഥാപകനുമായ ശ്രീ.സി.സെൽവം മനസ്സിലാക്കി. എന്റെ സാമ്പത്തിക ചുറ്റുപാടുകൾ അറിയാവുന്നതിനാൽ ഓഫീസ് ഭരണം, ഇംഗ്ലീഷിലും തമിഴിലും ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻഡ് എന്നിവ പഠിക്കാൻ സഹായിച്ചു. എന്നിൽനിന്നും ഫീസ് ഒന്നും വാങ്ങിയില്ല. "നീ ദൈവത്തിന്റെ ശക്തനായ സുവിശേഷകനും നല്ല ഭരണകർത്താവും ആകും" എന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു. കൂടാതെ തന്റെ സഹായിയായിരുന്ന ശ്രീ. ഗിൽബർട്ട് റോയിയോട് എന്നെ ശ്രദ്ധിക്കുവാനും പറഞ്ഞു. ശ്രീ. ഗിൽബർട്ട് റോയി ഇപ്പോൾ **കന്യാകുമാരി ക്രിസ്റ്റ്യൻ ഫോറം, ചെന്നൈ**യുടെ പ്രസിഡന്റ് ആണ്. അദ്ദേഹം എന്നെ കർതൃശുശ്രൂഷയിലായിരുന്ന ശ്രീമതി. എമ്മിയമ്മ സന്യാസിനി അമ്മാളിന്റെ പരിചരണത്തിന് ഏല്പിച്ചു. "**അല്ല, കുശവന് അതേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും മറ്റൊരു പാത്രം അപമാനത്തിനും ഉണ്ടാക്കു വാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?**" (റോമർ 9:21). ഈ വാക്യത്തിനു തക്കതായ രീതിയിൽ ദൈവം എന്നെ മെനഞ്ഞു.

*... 7-ാം പേജിന്റെ തുടർച്ച*

അടയാളങ്ങൾ നാം കണ്ടുകഴിഞ്ഞു. വലിയ പ്രത്യാഘാതങ്ങൾ വരാനിരിക്കുന്നതേയുള്ളു. ഒരു ദൈവദാസന്റെ ഗാനത്തിൽ നാശത്തെ ഇങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്:

1. സ്വർഗ്ഗത്തിലെ ദൈവസൈന്യം
   കോടി കോടി പ്രത്യക്ഷപ്പെടുന്നു
   ഗുഹകൾക്കായി ജനങ്ങൾ ഓടുന്നു
   നക്ഷത്രങ്ങൾ സ്ഥാനം മാറുന്നു
   ഭൂമിയിലെല്ലാടവും വീഴുന്നു
   എങ്കിലും ഞാൻ പ്രീയരോടു ചേരുന്നു
   ആടുന്നു പാടുന്നു.
   ഹല്ലേലൂയ്യാ! ഹല്ലേലൂയ്യാ!! (8)
2. അഞ്ചു ഭൂഖണ്ഡ പ്രദേശങ്ങൾക്കും
   അവസാനം വരും
   അന്ധകാരം മൂടുന്നു! ഇടി മുഴങ്ങുന്നു!
   അവിടെ കരച്ചിലും കണ്ണീരും ഉണ്ട്!
   എന്നാൽ സാക്ഷ്യങ്ങളുടെ ഗാന ങ്ങൾ
   വിശുദ്ധരിൽനിന്നും കേൾക്കുന്നു.
3. കടൽ ഇരമ്പുന്നു, അതിരുകൾ പൊട്ടുന്നു
   കപ്പലുകൾ മുങ്ങുന്നു, കനത്ത നാശം!
   ഗതാഗതം സ്തംഭിക്കുന്നു
   ഇനി ലോകം ഉണ്ടാകയില്ല
   ഒരിക്കലും പിഴക്കാത്ത ദൈവവചനം
   പറഞ്ഞതെല്ലാം നിറവേറും.

ജെ. എമിൽ ജെബ സിംഗ്

## കർത്തൃദിവസം

നമ്മുടെ കർത്താവായ യേശുക്രിസ്തു ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് കഴുതപ്പുറത്തു കയറി, എളിമയും താഴ്മയുമുള്ള രക്ഷകനായാണ് ഈ ഭൂമിയിലേക്കു വന്നത് (സെഖര്യാവ് 9:9). എന്നാൽ അവന്റെ രണ്ടാം വരവ്, വിശുദ്ധന്മാരുമായി ഒലീവു മലയിൽ ഇറങ്ങിവരും (സെഖര്യാവ് 14:4). അത് ക്രോധത്തിന്റെ ദിവസമായിരിക്കും, കഷ്ടതയുടെയും കഷ്ടപ്പാടുകളുടെയും ദിവസമായിരിക്കും.

ആ ദിവസം ക്രോധദിവസം
കഷ്ടവും സങ്കടവും ഉള്ള ദിവസം
ശൂന്യതയും നാശവും ഉള്ള ദിവസം
ഇരുട്ടും അന്ധകാരവും ഉള്ള ദിവസം
മേഘവും മൂടലും ഉള്ള ദിവസം
യഹോവയുടെ ക്രോധ ദിവസത്തിൽ
അവരുടെ വെള്ളിക്കും പൊന്നിനും
അവരെ രക്ഷിപ്പാൻ കഴികയില്ല
(സെഫന്യാവ് 1:15,18)

"**ഇതാ അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും. ഉവ്വ, ആമേൻ**" (വെളിപ്പാട് 1:7).

എതിർക്രിസ്തുവിന്റെ ഏഴു വർഷത്തെ ദുർഭരണത്തിനുശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തു ഒലീവു മലയിൽ ഇറങ്ങും. യേശുവിന്റെ ആദ്യവരവ് എളിമയും താഴ്മയുമുള്ള ലോകരക്ഷിതാവായിട്ടായിരുന്നു എങ്കിൽ രണ്ടാം വരവിൽ അവൻ രാജാക്കന്മാരുടെ രാജാവും നീതിമാനായ ന്യായാധിപതിയായും വരും. ഇപ്പോൾ അവൻ ഒരു വെള്ളക്കുതിരപ്പുറത്ത് കയറിവരുന്നു, കൂടെ ആയിരക്കണക്കിന് വിശുദ്ധരും വെള്ളക്കുതിരമേൽ കയറിവരുന്നു (വെളിപാട് 19:11-14).

"**അവൻ വരുന്നവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ വിധിക്കും**" (സങ്കീർത്തനങ്ങൾ 96:13).

വിശുദ്ധന്മാരുടെ വരവോടെ കൃപായുഗം അവസാനിക്കുകയും ജനങ്ങളെ അവരുടെ പ്രവർത്തികൾക്കനുസരിച്ച് ന്യായം വിധിക്കുകയും ചെയ്യും. ഇനി ഒരു ദയയും ഉണ്ടാകുകയില്ല. കൃപായുഗം അവസാനിച്ചുകഴിഞ്ഞാൽ പിന്നീട് ആർക്കും രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല. ഒരു പക്ഷെ ഇനി ആർക്കെങ്കിലും ദൈവരാജ്യത്തിൽ കടക്കണമെങ്കിൽ ആ വ്യക്തി പീഡനകാലത്ത് രക്തസാക്ഷിയായി മരിക്കണം.

ഇനി മുതൽ ഏതു കാലത്തും കർത്താവിന്റെ വരവ് ഉണ്ടാകും. അതിനാൽ ഇത് രക്ഷാദിവസം!

രക്ഷ ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് (റോമർ 6:23). രക്ഷ വ്യക്തിപരവുമാണ്. ഓരോ മനുഷ്യനും രക്ഷ കൈവരിക്കണം. ഇപ്പോഴാണെങ്കിൽ കുഞ്ഞാടിന്റെ രക്തത്താൽ രക്ഷ സ്വായത്തമാക്കാം. ലോകം തരുന്നത് ജീവിതവും മരണവുമാണ്. അതിനാൽ മരണത്തെ ത്യജിച്ച് ജീവിതത്തെ മുറുകെ പിടിപ്പിൻ. അതിനായി യേശുവിങ്കലേക്കു നോക്കി, പാപങ്ങളെ ഏറ്റുപറഞ്ഞ് അനുതപിപ്പിൻ. നിങ്ങളുടെ പാപം തന്റെ രക്തത്താൽ കഴുകി വെടിപ്പാക്കി ശുദ്ധീകരിക്കാൻ അവൻ വിശ്വസ്തനാണ്. ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപങ്ങളും പോക്കി ശുദ്ധീകരിക്കുവാൻ മതിയായത് ആണെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു (1യോഹന്നാൻ 1:7). അങ്ങനെ ചെയ്യുകയാണെങ്കിൽ ന്യായവിധി ദിനത്തിൽ ദൈവത്തിന്റെ കോപത്തിൽനിന്ന് ഒഴിഞ്ഞുപോകുവാൻ കഴിയും. കാരണം, എല്ലാ അഭക്തരും ദുഷ്ടരും കലാപകാരികളുമെല്ലാം ദൈവത്തിന്റെ മുമ്പിൽ തങ്ങളുടെ ചെയ്തികൾക്കെല്ലാം കണക്കു ബോധിപ്പിക്കേണ്ടിവരും. സമയം ആരെയും കാത്തുനിൽക്കുകയില്ല. ഇപ്പോൾ തന്നെ പ്രവർത്തിക്കുവിൻ.

എതിർക്രിസ്തുവിന്റെ പ്രത്യക്ഷതക്കായി ലോകം സജ്ജമാണ്. തന്റെ ഏഴു വർഷത്തെ ഭരണത്തിനുശേഷം യേശുക്രിസ്തു രാജാവായും നീതിയുള്ള ന്യായാധിപനായും പ്രത്യക്ഷനായി എതിർക്രിസ്തുവിനോടും അവന്റെ ആളുകളോടും പോരാടും. എതിർക്രിസ്തുവിന്റെ പിന്നിലെ ശക്തി സാത്താനായിരിക്കും. കർത്താവ് തന്റെ വിശുദ്ധന്മാരുമായി എതിർക്രിസ്തുവിനെയും അവന്റെ ആളുകളെയും അർമ്മഗദ്ദോനിൽ വച്ച് നേരിടും. യഹൂദയിലെയും യിസ്രായേലിലെയും ജനങ്ങൾ യേശുവിനെ പിന്തുണയ്ക്കും (സെഖര്യാവ് 9:13). അത് ചിലപ്പോൾ ഒരു ദിവസത്തെ യുദ്ധമായിരിക്കാം. എതിർക്രിസ്തുവും കള്ളപ്രവാചകനും യുദ്ധത്തിൽ തോല്പിക്കപ്പെടുകയും പിടിക്കപ്പെടുകയും ചെയ്യും. അവരെ നരകാഗ്നിയിൽ തള്ളിയിടും. സാത്താനെ പിടിച്ച് 1000 ആണ്ടത്തേക്ക് പാതാളത്തിൽ ചങ്ങലയ്ക്കിടും (വെളിപാട് 20:1,2).

ദൈവവും കർത്താവുമായ യേശുക്രിസ്തുവിന്റെ വരവ് ആസന്നമാണ്. ആനന്ദത്തോടെയായിരിക്കുവാൻ തയ്യാറാകുവിൻ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ! ■

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി യുട്യൂബ്

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ -എഡിറ്റർ

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th MAY, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**